# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 105

03 .12.2015-ൽ
മറുപടിയ്ക്ക്

## ' റവന്യു അദാലത്ത്'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. അടൂർ പ്രകാശ്<br>റവന്യുവും കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് റവന്യു അദാലത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റവന്യു- സർവ്വേ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുണ്ടായിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിയും ബഹുമാനപ്പെട്ട റവന്യു മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും ഫയലുകൾ തീർപ്പാക്കുകയായിരുന്നു അദാലത്തിൻെറ ലക്ഷ്യം. വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്കു മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിച്ചത്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ബഹു. റവന്യു വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യു-സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU,പ്രകൃതി ക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31/10/2014 വരെ നിലവിലുണ്ടായിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ 4,76,377 അപേക്ഷകളിൽ 4,67,515 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ